

# ASSUMPTION HIGH SCHOOL
## PALAMPRA

# Master Plan 2025-26



## ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളേയും വിദ്യാലയ/പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ, സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി, എച്ച്.എസ്.വിഭാഗം മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നല്കി അവരെ ഉയർന്ന നിലവാര ത്തിൽ എത്തിക്കാനും കഴിയുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്നു. കുട്ടികളിലുള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക,പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ വിദ്ധ്യാർത്ഥി സൗഹൃദവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളിടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

## ഭൗതിക സാഹചര്യങ്ങൾ

1955 ജൂൺ ആറാം തീയതി പുണ്യചരിതനായഫാദർ വില്യം CMI, ടിവി തോമസ് കൊല്ലംകുളത്തിന്റെ സഹകരണത്തോടെ സ്ഥാപിച്ച പാലമ്പ്ര അസംപ്ഷൻ ഹൈസ്കൂൾ കഴിഞ്ഞ മൂന്ന് ദശാബ്ദമായി കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെ മികച്ച വിദ്യാലയം എന്ന പദവി നിലനിർത്തി വരികയാണ്. അസംപ്ഷൻ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായ ശ്രീ. ടോം ജോൺ സാറിനോടൊപ്പം ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന 35 അധ്യാപകരും 4 അനധ്യാപകരും ഈ സ്കൂളിന്റെ ശക്തിയാണ്.

ഹൈസ്കൂൾ വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാണ്. അധ്യാപകർശ ഐ. സി. ടി. യുടെ സഹായത്തോടെയാണ് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നത്.സ്കൂളിന്റെ സർവ്വതോൻമുഖമായ പുരോഗതികൾക്ക് പിന്തുണ നൽകുന്ന പി. റ്റി. എ ഈ സ്കൂളിന്റെ ശക്തിയാണ്. അതോടൊപ്പം പാറത്തോട് പഞ്ചായത്തിന്റെയും , ആരോഗ്യവകുപ്പിന്റെയും നിസ്വാർത്ഥമായ സേവനങ്ങളും ലഭിച്ചുവരുന്നു.

വിവിധങ്ങളായ ക്ലബ്ബുകൾ അധ്യാപകരുടെ നേതൃത്വത്തിൽ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമായിരിക്കും. മുൻ വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുന്നതിനാവശ്യമായ പ്രത്യേക പരിശീലനങ്ങൾ നൽകുന്നതിന് ഈ വർഷം ഈ മാസ്റ്റർ പ്ലാനിലൂടെ പദ്ധതി നൽകിയിട്ടുണ്ട്.

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശകലനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| വായനാശീലം വളർത്തിയെടുക്കുക വായനയും എഴുത്തും കൂടുതൽ പ്രോത്സാഹിപ്പിക്കുക. | വായനാവാര പ്രവർത്തനങ്ങൾ | വായനാവാരത്തോടനുബന്ധിച്ച് പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതും വ്യക്തിഗത രചനകളുടെ പ്രോത്സാഹനത്തിനും | 1 മാസം ജൂൺ | പുസ്തകങ്ങൾ | പി.ടി.എ. അധ്യാപകർ |
| വ്യക്തിതലത്തിലും സാമൂഹത്തിലുമുള്ള വികസനം | ക്വിസ്സുകൾ<br>ചിത്ര വായന, ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ | കുട്ടികളുടെ മുന്നറിവുകൾ പരിശോധിക്കുന്നതിന് ക്വിസ്സുകൾ നടത്തുക. | ജൂലൈ | | |
| ഗ്രന്ഥശാലകളുടെ കൂടുതലായിട്ടുള്ള ഉപയോഗം | ക്ലാസ് വായനാമൂലകൾ സ്ഥാപിക്കുക | പാഠഭാഗത്തെ ചിത്രങ്ങളെ നിരീക്ഷിക്കുന്നതിനും അടിക്കുറിപ്പുകൾ തയ്യാറാക്കുന്നതിനും | 6 മാസം ഓഗസ്റ്റ് മുതൽ ഡിസംബർ, ജനുവരി വരെ. | ക്ലാസ് ലൈബ്രറികൾ, സ്കൂൾ ലൈബ്രറികൾ | പി.ടി.എ. അധ്യാപകർ |
| സവിശേഷ സഹായം ആവശ്യമുള്ള കുട്ടികളെയും ഉൾച്ചേർത്തുകൊണ്ടുള്ള പഠനസമീപനവും പിന്തുണയും | സ്കൂൾ ലൈബ്രറി പ്രോത്സാഹിപ്പിക്കുക. | ഓരോ ക്ലാസിനും വായനമൂലകൾ സ്ഥാപിക്കുകയും പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യൽ. | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | പത്രവായന പ്രോത്സാഹിപ്പിക്കുക. | കുട്ടികൾക്ക് വായിക്കുന്നതിനായി പുസ്തകങ്ങൾ വിതരണം നടത്തുക. ക്ലാസ് ഗ്രൂപ്പുകളിൽ പത്രങ്ങൾ ഇട്ടു നൽകുക. | | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പി.ടി.എ. അധ്യാപകർ |
| നല്ല എഴുത്തുകാരാവുക | വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങൾ | വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വ്യക്തിഗത രചനകൾക്ക് പ്രോത്സാഹനം നൽകുക. | | ഇന്റർനെറ്റ്<br>കംപ്യൂട്ടർ | |
| കുട്ടികളെ സാഹിത്യത്തെ അഭിമുഖീകരിക്കുന്നതിന് പ്രാപ്തരാക്കുക. | ദിനാചരണങ്ങൾ<br>ഭാവവായന<br>സവിശേഷസഹായം ആവശ്യമുള്ളവർക്കായി ലഘുവായ പദങ്ങൾ വാക്യങ്ങൾ എന്നിവയുടെ വായനയും എഴുത്തും പരിശീലനം<br>വായനക്കുറിപ്പ്, പുസ്തകചർച്ച.<br>വ്യക്തിഗത രചന<br>പ്രസംഗ പരിശീലനം | മലയാള സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക.<br>ഓരോ സാഹിത്യ സൃഷ്ടിയുടെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവവായനയെ പ്രോത്സാഹിപ്പിക്കുക.<br>ഉൾച്ചേർന്ന വിദ്യാഭ്യാസ സമീപനം<br>വ്യക്തിഗത രചനകൾക്ക് നല്ല പ്രോത്സാഹനം നല്കുക.<br>മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ | 6 മാസം ജൂലൈ-ഡിസംബർ | പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>ഓഡിയോ, വീഡിയോ | പി.ടി.എ. അധ്യാപകർ |

# ACADEMIC MASTER PLAN ENGLISH 2025-26

| SL NO | Aim | Activity | Duration | Aid | Support |
|---|---|---|---|---|---|
| 1 | To improve the reading skill of weak students | Entrust one bright student each to teach a weak student<br>Reading competition<br>Making them read aloud in the class | 3 days in a week<br>once in aweek<br>once in aweek | Text book<br>news paper<br>text book | peer group<br>peer group<br>peer group |
| 2 | To enrich vocabulary | Spelling Bee- dictation of textual words | 3 days in aweek | Text book | teacher |
| 3 | To improve the skill to comprehend | Dictation - meanings | once in a week | Dictionary | teacher |
| | | Asking comprehension questions, eliciting answers<br>Showing videos related to textual topics | daily<br>once in a month | text book<br>ICT | youtube |

| | | | | | |
|---|---|---|---|---|---|
| 4 | To improve communication skill | Role play<br>Make the students speak English in class<br>Conducting debates, Seminar<br>Making videos<br>Skit | Once in a fortnight<br>daily<br>once in a term<br>once in a month<br>once in a term | ICT<br>ICT | English club<br>teachers<br>English club<br>English club |
| 5 | To improve writing skill | writing discourses (group wise)<br>make them write gist of stories<br>Encourage free writing on relevant topics | once in 2 weeks<br>once in 2 weeks<br>free periods | text book<br>story books<br>TV news | teacher<br>library<br>PTA |
| 6 | To improve the weak students | conducting test papers to check their basic knowledge, classifying them accordingly, giving simple activities<br>remedial teaching | once in a month<br>daily<br>once in a week | Books | teacher<br>teacher |
| 7 | To enhance creative writing | give topics during free periods<br>make them write poems,essays and alternative ending of stories<br>make manuscript magazines | once in a month<br>once in a year | library books | teacher |
| 8 | To improve the oratory skill and the skill to recite poems | random topics should be given to the students to make a speech<br>give coaching to the talented students<br>conduct competitions | once in amonth<br>once in a week | library books | English club |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യത്തിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രകൗതുകം വളർത്തുന്നു. | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ<br>ഊർജക്ലബ്<br>സയൻസ് ക്ലബ് | PTA<br>" " " |
| | പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | " " " | " " " |
| | മാസ്റ്റർ മൈന്റ്<br>ഊർജ്ജ, ആരോഗ്യ, ശാസ്ത്ര ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാൻ അവസരം | അക്കാദമിക വർഷം | " " " | " " " |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | <u>സയൻഫ്യൂ</u><br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ, ആനുകാലിക നേട്ടങ്ങൾ ഇവ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം | ആഗസ്റ്റ് | ശാസ്ത്ര അധ്യാപകർ | PTA<br>" " " |
| | <u>ശാസ്ത്രവിസ്മയ ചുമർ</u><br>ശാസ്ത്ര പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മാണം | അക്കാദമിക വർഷം | " " " | " " " |
| | <u>മുഖാമുഖം</u><br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരണം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | PTA<br>Science Club |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | യുറേക്ക<br>കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിന്റെ ഭാഗമായി ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | | |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതയുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയയാത്ര<br>ICT സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേയ്ക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രതത്വങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ - വീഡിയോ | അക്കാദമിക വർഷം | | |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കുക | പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. YIP, ഇൻസ്പെയർ തുടങ്ങിയവ പരിശീലനം | | | |

## മേഖല : അക്കാദമികം ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെവായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ–ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്–സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂചൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ–ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ്– സെപ്റ്റം ബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു | ദീർഘം ഡിസംബർ നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യ ശാസ്ത്രം

പൊതുവായ ലക്ഷ്യങ്ങൾ

- കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക
- സാമൂഹിക അവബോധം വളർത്തുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുക

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മെമ്മ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**ഗണിത പഠനം–പ്രശ്നങ്ങൾ അക്കാദമികം:**

1. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

2. കുറച്ചു ശതമാനം കുട്ടികൾക്ക് പ്രൈമറി ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.

**പ്രവർത്തന പദ്ധതി വിശകലനം–(പരിഹാരപ്രവർത്തനങ്ങൾ–വിശദാംശങ്ങൾ)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയപെട്ടിയു ടെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ |
| 3. ഗണിത ക്ലബ് രൂപീകരണം | മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ | ജൂൺ | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| 4. ഗണിത ശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള അറിവുകൾ ശേഖരിക്കുന്നു. അവരെ ആദരിക്കുന്നു. | ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ശാസ്ത്രജ്ഞന്മാരുടെ പ്രത്യേക ദിനങ്ങളിൽ | ഗണിത ക്ലബ് |
| 5. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് |
| 6. ഗണിത പുസ്തകങ്ങൾ ലഭ്യമാക്കൽ | ഗണിത വിഷയം രസകരമാക്കി കുട്ടികളിൽ എത്തിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ, ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ നല്കുന്നു | മാസത്തിൽ ഒന്ന് | ഗണിത ക്ലബ്, അധ്യാപകർ |
| 7. ഗണിത ആശയങ്ങൾ കമ്പ്യൂട്ടർ സഹായത്തോടെ മനസ്സിലാക്കുന്നു | ജിയോജിബ്ര തുടങ്ങിയ പ്രോഗ്രാമുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകർ, കമ്പ്യൂട്ടർ അഭിരുചിയുള്ള കുട്ടികൾ |

| | | | |
|---|---|---|---|
| 8. സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘത്തലവൻ |
| 9. അധ്യാപകർ കാലാനുസൃതമായി ചെയ്യ് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ |
| 10. എക്സിബിഷൻ | ഗണിത ചാർട്ടുകൾ, പസ്സിൽ ബോർഡുകൾ, വിവിധ ഗെയിംസ്, ഗണിത മോഡലുകൾ ഇവയുടെ നിർമ്മാണം, ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതരൂപങ്ങൾ ഉണ്ടാക്കൽ, ഇവയുടെ പ്രദർശനം | അക്കാദമിക വർഷ പ്രവർത്തനം | ഗണിത ക്ലബ്, അധ്യാപകർ |
| 11. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | ഗണിത കൂട്ടായ്മ: കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| 12. ഗണിത മത്സര വേദിയിലേക്ക് - മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ |
| 13. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേയ്ക്ക് ആവശ്യമായ പഠന ഉപകരണങ്ങളായ ഗണിത റഫറൻസ് ബുക്കുകൾ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ് എന്നിവ ശേഖരിക്കൽ | മേയ്-ജൂൺ | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി ടി എ |
| 14. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി ടി എ, ചുമതലകൾ നല്കുന്നു | മാസത്തിൽ ഒന്ന് | അധ്യാപകർ,ഹെഡ്മാസ്റ്റർ, പി ടി എ പ്രസിഡന്റ് |

# കലാ വിദ്യാഭ്യാസം
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-'26

| നം. | മാസം | പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | പങ്കാളിത്തം |
|---|---|---|---|---|
| 1. | ജൂൺ | • ഇന്ത്യയിൽ നിലനിൽക്കുന്ന തനത് ചിത്രരചനാശൈലികള പരിചയപ്പെടൽ | • വാർലി ചിത്രപ്രദർശനം | ക്ലാസ്സ് 09 |
| | | • വിവിധ നിറങ്ങളും അവയുടെ മിശ്രണവും മനസിലാക്കൽ | • കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറങ്ങൾ നൽകി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു. | ക്ലാസ്സ് 08 |
| | | | • സ്കൂളും പരിസരവും ചിത്രീകരിച്ച പ്രദർശിപ്പിക്കുന്നു | ക്ലാസ്സ് 08 |
| | | • പ്രകൃതിയുടെ സസൂക്ഷ്മ നിരീക്ഷണം | • ജൂൺ:05 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഒരുമിച്ച് ക്യാൻവാസിൽ പ്രകൃതി -ചിത്രങ്ങൾ വരയ്ക്കുന്നു. | ക്ലാസ്സ് 08,09, 10 |
| | | • വ്യത്യസ്ത സംഗീത രീതികളും കലാകാരന്മാരെയും പരിചയപ്പെടൽ | • വ്യത്യസ്ത സംഗീത രൂപങ്ങളെയും കലാകാരന്മാരെയും സംബന്ധിക്കുന്ന പ്രസന്റേഷൻ അവതരണം | ക്ലാസ്സ് 08,09, 10 |

| | | | | |
|---|---|---|---|---|
| 2 | ജൂലൈ ല | • പ്രശസ്ത ചിത്രകലാ പ്രതിഭകളെ പരിചയപ്പെടുന്നു | ജൂലൈ ല :29-വാൻഗോഗ് ഓർമ്മദിനം<br>ജൂലൈ ല: 31-കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം<br><br>• ഈ ദിനങ്ങ ളിൽ ഈ ചിത്രകലാകാരന്മാരെ പരിചയപ്പെടുത്ത ിക്കൊണ്ടുള്ള പ്രസന്റേഷൻ അ വതരണം<br><br>• കുട്ടികൾ വരച്ച കാർട്ടൂണ് ചിത്രങ്ങ ളുടെ പ്രദർശനം | ക്ലാസ്സ് 08,09, 10 |
| 3 | അ ഗസ്റ്റ് | • വിവിധ സംസ്ഥ ാനങ്ങ ളിലെ വേഷം, സംസ്കാരം, പ്രധാന ചരിത്ര സംഭവങ്ങ ൾ എന്നിവ മനസ്സിലാക്ക ൽ,<br><br>• സംഘ അ വതരണത്ത ിലൂടെ ' ഒരുമയോടെ എങ്ങ നെ പ്രവർത്ത ിക്കാം' എന്ന ആ ശയം മനസിലാക്കുന്നു | • സ്വാതന്ത്ര്യ ദിനത്തോ ടനുബന്ധ ിച്ച് കുട്ടികൾ നിശ്ച ലദൃശ്യങ്ങ ൾ ഗ്രൂപ്പായി അ വതരിപ്പിക്കുന്നു, ഫ്ലാഷ് മോബ്. | ക്ലാസ്സ് 08,09, 10 |

| | | | | |
|---|---|---|---|---|
| 7 | ഡിസംബർ | • ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കൽ | ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മാണം | ക്ലാസ് 08,09, 10 |
| 8 | ജനുവരി | • സൗന്ദര്യാത്മകമായും താളാത്മകമായും വിവിധ രീതിയിലുള്ള എഴുത്തുകൾ പരിശീലിക്കൽ | ജനുവരി 23: ദേശീയ കൈയ്യക്ഷര ദിനത്തോടനുബന്ധിച്ച് 'കലിഗ്രഫി' വർക്ക്ഷോപ്പ് | ക്ലാസ് 08,09,10 |
| 9 | ഫെബ്രുവരി | • കൂട്ടായി പ്രവർത്തിക്കുക, ദൃശ്യമാധ്യമ സാങ്കേതികവിദ്യകൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നുമുള്ള കാര്യങ്ങൾ മനസ്സിലാക്കൽ<br>• കവിത ആസ്വാദനശേഷി വർദ്ധിപ്പിക്കൽ • | ഫെബ്രുവരി 11 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ ദിനത്തോട്' അനുബന്ധിച്ച് കുട്ടികൾ ഗ്രൂപ്പായി ഷോർട്ട് ഫിലിം നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു.<br>• ഫെബ്രുവരി 13 ഒഎൻവി കുറുപ്പ് ഓർമ്മ ദിനത്തോടനുബന്ധിച്ച് ഒഎൻവി കവിതകളുടെ ആലാപനവും നൃത്താവിഷ്കാരവും | ക്ലാസ് 08,09, 10 |

# അക്കാദമിക മാസ്റ്റർ പ്ലാൻ -ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശകലനം | കാലയളവ് | ഭൗതീകം | പിന്തുണ |
|---|---|---|---|---|---|
| ട്രാഫിക് നിയമങ്ങളുടെ ബോധവത്കരണം | | | ജൂൺ | ക്ലാസ്റൂം | പിടിഎ |
| മൈനർ ഗെയിംസ് പരിചയപ്പെടുത്തൽ, സ്പോർട്സ് ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | | | ജൂലൈ | ചാവറഹാൾ സ്പോർട്സ് റൂം | പിടിഎ |
| വിവിധ തരം ഉത്തേജക മരുന്നുകളുടെ ദൂഷ്യ വശങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ തിരിച്ചറിയാൻ സഹായിക്കുന്നു | | | ഓഗസ്റ്റ് | | |
| കായികശേഷി വികസനം | അത്‌ലറ്റിക്സ് | | സെപ്റ്റംബർ | ഗ്രൗണ്ട് | പിടിഎ |
| അത്‌ലറ്റിക്സ്, മേജർ ഗെയിംസ് എന്നിവയുടെ നൈപുണികളേക്കുറിച്ചുള്ള ധാരണ | മേജർ ഗെയിംസ് പരിശീലനം | ഫുട്ബോൾ, വോളിബോൾ എന്നിവയുടെ പരിശീലനം, ബേസിക് ഡ്രില്ലുകൾ | ഒക്ടോബർ | ഗ്രൗണ്ട് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| കായികദിനമത്സരം | സ്പോർട്ട്സ് ഗെയിംസ് | വിവിധ മത്സരങ്ങളോടെ കായികദിനം കൂടുതൽ ആകർഷകമാക്കുന്നു | നവംബർ | ഗ്രൗണ്ട് | പിടിഎ |
| കായിക വിനോദ പ്രോത്സാഹനം, ഭാവിതലമുറയുടെ ആരോഗ്യകായിക ക്ഷമത വർദ്ധിപ്പിക്കുക, ജീവിതശൈലി രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുക ആവയെക്കുറിച്ചും പരിഹാരപ്രവർത്തനങ്ങളേക്കുറിച്ചും അറിവ് നേടുക, ആരോഗ്യകരമായ ആഹാര ശീലങ്ങളേക്കുറിച്ച് ബോധ്യപ്പെടുക. കായിക, മാനസിക, സാമൂഹിക,വൈകാരിക വികസനം, കായിക മേഖല യുടെ സമഗ്ര വിക സനം | ചർച്ച | ചർച്ചാ വിഷയങ്ങൾ, കൃത്രിമ ആഹാരവും ജങ്ക്ഫുഡും ഒഴിവാ ക്കുക, ആഹാരത്തിന് സമയക്രമം പാലിക്കുക, കലോറി ഭക്ഷണം കഴിക്കുക പഴങ്ങൾ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ,ഇലക്കറികൾ തുടങ്ങിയവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക | സെപ്റ്റംബർ | പത്രം മാഗസിൻ ഇന്റെർനെറ്റ് ക്ലാസ് മുറി | പിടിഎ |
| | ആഹാരശീലങ്ങൾ, വീഡിയോപ്രദർശനം | നല്ല ആഹാരശീലങ്ങൾ അടങ്ങിയ വീഡിയോപ്രദർശനം | ഡിസംബർ | മീഡിയ റൂം ഐ.സി.റ്റി | എസ്.ഐ.റ്റി.സി |
| | ഹൃദയ സ്പന്ദന നിരക്ക് കാണൽ | വിരൽതുമ്പുപയോഗിച്ച് നാഡീസ്പന്ദനം കണ്ടെത്തുന്നു | ജനുവരി | ക്ലാസ്റൂം | അധ്യാപകർ |

# ASSUMPTION HIGH SCHOOL PALAMPRA

## ACADEMIC MASTER PLAN 2025 2026

| SUBJECT | PAGES | TEACHERS |
|---|---|---|
| SANSKRIT | 1 5 | Fr. GEOMON THOMAS |
| MALAYALAM | 6 - 8 | TESSY JACOB, ROSILIN JOSEPH |
| ENGLISH | 9 - 11 | ASHA MARY GEORGE, THOMAS JOSEPH |
| HINDI | 12 13 | JACOB MATHEW |
| BASIC SCIENCE | 15 18 | DAYANA MATHEW, SUMI AUGUSTIN |
| SOCIAL SCIENCE | 19 - 21 | JIBIN KURUVILLA, ROSILIN JOSEPH |
| MATHE MATICS | 22 - 23 | BINDHU C.K; JANE SEBASTIAN |

# संस्कृतम्

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

അസംപ്ഷൻ ഹൈസ്കൂൾ, പാലമ്പ്ര
റിസോഴ്സ് അധ്യാപകൻ: ജിയോമോൻ തോമസ്

# സംസ്കൃതം
# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## അസംപ്ഷൻ ഹൈസ്കൂൾ, പാലമ്പ്ര
## റിസോഴ്സ് അധ്യാപകൻ: ജിയോമോൻ തോമസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്യകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT<br><br>അടിസ്ഥാന ഉറവിടം: പാഠപുസ്തകത്തിലെ പാഠങ്ങളും പ്രവർത്തനങ്ങളും | PTA<br><br>അതാതു ക്ലാസ്സുകളിൽ നിന്നും റിസോഴ്സ് ടീമിനെ രൂപപ്പെടുത്തുന്നു<br><br>വര, ചാർട്ട്, കാർട്ടൂൺ മുതലായവയിൽ കുട്ടികൾക്കുള്ള പ്രാവീണ്യം ഉപയോഗപ്പെടുത്തുന്നു. |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപകൻ |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | റിസോഴ്സ് അധ്യാപകൻ |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]<br>പാഠപുസ്തകത്തിലെ പാഠങ്ങൾ | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപകൻ |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപകൻ<br>അടിസ്ഥാനം: പാഠപുസ്തകം |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപകൻ |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി, പ്രത്യേക പരിശീലനം; കഴിവു കുറവുള്ളവർക്ക് ആവശ്യമായ പരിശീലനം<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപകൻ |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപകൻ<br>അടിസ്ഥാനം: പാഠപുസ്തകം |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപകൻ<br>അടിസ്ഥാനം: പാഠപുസ്തകം |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദക്കാർഡ് നൽകൽ<br>• വാക്കുകൾ നിർമ്മിക്കുക.<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• ചിത്രം – അടിക്കുറിപ്പ് തയ്യാറാക്കൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തുക | • വാർത്താവായന<br>• വാർത്താക്കുറിപ്പ് തയ്യാറാക്കൽ<br>• പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ<br>• ക്ലാസ് തല വായനാമത്സരം<br>• വായനാമൂലയുടെ ഉപയോഗം മെച്ചപ്പെടുത്തൽ. | ജൂലൈ – മാർച്ച് | മലയാളം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യ-കാരൻമാരോടും ഉള്ള അനുകൂലമനോഭാവം വളർത്തുക. | • സംവാദം<br>• അഭിമുഖസംഭാഷണം<br>• ചോദ്യാവലി തയ്യാറാക്കൽ<br>• ശില്പശാല | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | മലയാളം ക്ലബ്ബ്<br>.പി.ടി.എ | |
| 4. കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ | • പുസ്തക ചർച്ച<br>• എഴുത്തുകൂട്ടം രൂപീകരണം<br>• കൈയ്യെഴുത്തു മാസിക<br>• ഡോക്യുമെന്റേഷൻ | നവംബർ<br>—<br>മാർച്ച് | • മലയാളം ക്ലബ്ബ്<br>• മലയാളം അധ്യാപകർ | |

# ഭിന്നശേഷിയ്ക്കൊരു കൈത്താങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ചിത്ര വായന<br>• വായനാകാർഡ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പ്രത്യേക ക്ലാസ് | വർഷം മുഴുവൻ | മലയാളം അധ്യാപകർ | |

## English

| Aim | Activities | Period | Incharge | Evaluation |
|---|---|---|---|---|
| To listen and speak properly | * Through the news: plays the audio of daily English news and asks them to prepare a short note on the news including important news and current affairs. Asks them to read daily news in English and records their reading.<br>* Chat and learn: Gives some daily conversations and asks them to practice in pairs.<br>* Do what I say: Gives some instructions and asks them to act according to the instructions<br>* Non-stop talk: Gives any topic, and asks them to talk | June July | English Tr. | |

| | | | | |
|---|---|---|---|---|
| | They can select interested subjects from give topics. I am performing : perform roleplay (use characters in a particular Unit) | Aug-October | English Tr | Every Week |
| To write English without mistakes | * I am writing : prepares class news paper, class magazine including poster, description, article, drawing etc. prepares mini dictionary using new words in the lesson.<br>* My diary : Prepares diary using daily events.<br>* prepare descriptions about school, home, etc<br>* prepares script for simple skits. | Nov-Dec | English Tr. | Every Week |

| | | | | |
|---|---|---|---|---|
| * To read with proper gestures and sound modulation | **Reader of the month:** provides opportunity to all students to read English newspaper and select the 'Reader of the month'<br>**FM Corner:** Asks the learners to read a selected story with proper gestures and sound modulation | December | English Tr. | Every month |
| Comprehensive reading | **I'll answer:** Gives passages or stories for reading. Gives different levels of questions. Asks them to answer the questions<br>* prepare a brief note of a given passage.<br>* prepare reading notes on books which they read. | | English Teacher | Every month |

[illegible]: [illegible] UP [illegible]

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | Up തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും അനായാസേന ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നാക്കാവസ്ഥയിലുള്ള കുട്ടികളിൽ Pre-test നടത്തി, മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | June to August | അക്ഷരചാർട്ട് ചാർട്ടുകൾ | BRC<br>DIET<br>SCERT<br>(ആവശ്യമെങ്കിൽ)<br>Resource teachers |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | September to October | ഹിന്ദി നിഘണ്ടു. | PTA, BRC Resource Teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനുവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ | November to February | പുസ്തകങ്ങൾ | BRC DIET PTA SCERT |

| Sl.No | Programme | Activity | Duration | [illegible] | പിന്തുണ |
|---|---|---|---|---|---|
| | | • ചിത്രം - അടിക്കുറിപ്പ്<br>• ചിത്രം - കഥ പറയൽ<br>• ചിത്രം - കഥ എഴുതൽ<br>• കഥ ബാക്കി എഴുതൽ<br>• വായനമൂല<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |

മേഖല യു.പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി - ജൈവവൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, പൂക്കൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ<br>ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | രക്ഷിതാക്കൾ |
| | പരീക്ഷണകളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി | | | |

| | | | | |
|---|---|---|---|---|
| | രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർവഹിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ഇടക്കാൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |
| 2. ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | <u>മാസ്റ്റർ മൈന്റ്</u><br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>ഊർജ്ജ ക്ലബ് സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് | |
| | <u>എക്സ്പ്ലോ - എക്സ്പ്ലോർ</u><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| 3. ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICTയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboratory. പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. ഇലക്ട്രോണിക്, റോബോട്ടിക് സാധ്യത ഉപയോഗപ്പെടുത്തി ഉപകരണ നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | മുഖാമുഖം<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ സയൻസ് ക്ലബ് |
| | യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ചുള്ള ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്വാഭാവിക വിശകലനം. |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | • പ്രഹേളികകൾ നൽകുന്നു. • ഓർമ്മച്ചെപ്പ് അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, ജലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം ജൂൺ ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ • സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |
| 2. ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുക | • ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുക്കൽ | ആഗസ്റ്റ് സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3. പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കൽ | • പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കൽ • രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ demonstration ക്ലാസുകൾ സംഘടിപ്പിക്കൽ | ഒക്ടോബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ്ഥാപനത്തിക വിശകലനം |
|---|---|---|---|---|
| 4. വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | • സൈബർ സുരക്ഷ ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ് എന്നിവരുടെ സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ നവംബർ<br>ഡിസംബർ | • സാമൂഹ്യ ശാസ്ത്ര ക്ലബ്<br>• സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കൽ | • മത്സര പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു.<br>• പൊതുവിജ്ഞാനം,<br>• ആനുകാലിക സംഭവങ്ങൾ എന്നിവയിൽ ചോദ്യോത്തര വേളകൾ, ക്ലാസുകൾ നൽകുന്നു. | ജൂൺ മുതൽ വർഷം മുഴുവൻ | • സാമൂഹ്യ ശാസ്ത്ര ക്ലബ്<br>• സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## ഭിന്നശേഷിക്കാർക്ക് വേണ്ടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
